പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2295 08.03. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.യിൽ കാഷ്യർ തസ്തിക**

ചോദ്യം

ശ്രീ.വി.ജോയി

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.യിൽ കാഷ്യർ തസ്തികയിൽ പി.എസ്.സി. മുഖേന നികത്തേണ്ട 428 ഒഴിവുകളിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ താമസംവിനാ റിപ്പോർട്ട് ചെയ്യുന്നതിനും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നിയമനം നല്കാൻ സാധിക്കുമോ എന്നും വ്യക്തമാക്കാമോ? | (എ) &(ബി) പുതുതായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗിന് PDA നടപ്പാക്കിയത്, കമ്പ്യൂട്ടർവത്ക്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലി ഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമെ കെ.എസ്.ഇ.ബി ലിമിറ്റഡിലെ ക്യാഷ്യർ ഉൾപ്പെടെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമെ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ